## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2642** **09.05.2017 ൽ മറുപടിയ്ക്ക്**

## കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ കൃഷിവകുപ്പും ബന്ധപ്പെട്ട ഏജൻസികളും സ്ഥാപനങ്ങളും നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം , തൃശ്ശൂർ, എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം,/ പച്ചക്കറി ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു.<br><br>ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പന ശാലകൾ വഴി വില്പന നടത്തുകയും ചെയ്തു വരുന്നു.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 277 സ്വാശ്രയ കർഷകസമിതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഓണം, വിഷു സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടി കോർപ്പ്, വി. എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം , പച്ചക്കറി ഉല്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ച് സംസ്ഥാനത്തുടനീളം ആരംഭിച്ച വിപണികളിലൂടെ |

C ---2)

സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് വില്പന നടത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഭവനുകളും, കേരഫെഡും സംയുക്തമായിട്ടാണ് നാളികേരസംഭരണം നടത്തിവന്നിരുന്നത് . എന്നാൽ ഇപ്പോൾ കേരാഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളേയും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദക കമ്പനികളേയും കൂടി ഉൾപ്പെടുത്തി നാളികേരസംഭരണം വിപുലീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സംഭരിച്ചു വരുന്നത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതു വിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽ നോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി.

**സെക്ഷൻ ഓഫീസർ**